(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മാതൃകയിൽ പദ്ധതി നടപ്പാക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കൊച്ചി മെട്രോ പദ്ധതിയുടെ കേന്ദ്ര അംഗീകാരം

184 (6356) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, അംഗീകാരം ലഭ്യമാകാത്തതിന് കേന്ദ്ര സർക്കാരിന്റെ ന്യായവാദങ്ങൾ എന്തൊക്കെയാണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, പ്രസ്തുത കാരണങ്ങൾ എന്താണെന്നും മെട്രോ റെയിൽ പദ്ധതികൾക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എറണാകുളം-കൊല്ലം പാസഞ്ചർ ട്രെയിൻ തിരുവനന്തപുരം വരെ നീട്ടുന്നതിന് നടപടി

185 (6357) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആലപ്പുഴ വഴിയുള്ള എറണാകുളം-തിരുവനന്തപുരം ട്രെയിൻ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സീറ്റിന്റെ ലഭ്യതയ്ക്കനുസരിച്ച് ആലപ്പുഴയിൽ നിന്നും ജനശതാബ്ദിക്ക് ടിക്കറ്റ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എറണാകുളം-കൊല്ലം പാസ്സഞ്ചർ ട്രെയിൻ കൊല്ലത്തു നിന്നും തിരുവനന്തപുരം വരെ നീട്ടുന്നതിന് റെയിൽമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) - (സി) ട്രെയിൻ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റെയിൽ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

ഹരിപ്പാട് റെയിൽവേ ഓവർ ബ്രിഡ്ജുകൾക്കായുള്ള ദീർഘകാല ആവശ്യം

186 (6358) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട്-വീയപുരം റോഡിലും ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡിലും രണ്ട് റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കണം എന്ന ദീർഘകാല ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിന്നും എന്തു നടപടികളാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

കൊല്ലം-പുനലൂർ ബ്രോഡ്ഗേജ് പാതയിൽ ട്രെയിൻ സമയം യാത്രക്കാർക്ക് പ്രയോജനമാകുംവിധമാക്കാൻ നടപടി

187 (6359) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊല്ലം-പുനലൂർ ബ്രോഡ്ഗേജ് പാതയിൽ ഇപ്പോഴുള്ള ട്രെയിനുകളുടെ സമയക്രമം യാത്രക്കാർക്ക് കാര്യമായ പ്രയോജനം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം റെയിൽവേ സ്റ്റേഷനിൽ നിന്നും കണക്ഷൻ തീവണ്ടികൾ വരികത്തക്കവിധത്തിൽ, ടി ട്രെയിനുകളുടെ സമയക്രമം പുനഃക്രമീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) പ്രസ്തുത റൂട്ടിൽ, പുതിയ ട്രെയിൻ സർവ്വീസുകൾ തുടങ്ങുന്നതിനായി റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly